# എൻഫോഴ്സ്മെന്റ് ഓഫീസറുടെ റിപ്പോർട്ടിന്റെയും മറ്റു പ്രസക്ത രേഖകളുടെയും പകർപ്പ് തൊഴിലുടമയ്ക്ക് നല്കാതെ വിഹിതം നിർണ്ണയിച്ചത് റദ്ദാക്കി

**ബോംബെ ഹൈക്കോടതി**

W.P. No. 6521/2016 Dt. 5.11.2019

ആശ്ലേഷ പവർ കൺട്രോൾസ്
x
എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ

മേനേജ്മെന്റ് നടത്തുന്ന വ്യവസായ സ്ഥാപനത്തിൽ ഇ.പി.എഫ്. എൻഫോഴ്സ്മെന്റ് ഓഫീസർ പരിശോധന നടത്തിയതിനു ശേഷം കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചു. ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ വരുന്നതാണ് ആ സ്ഥാപനം എന്നാണ് എൻഫോഴ്സ്മെന്റ് ഓഫീസർ റിപ്പോർട്ടിൽ വ്യക്തമാക്കിയത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെന്ന് പ്രഖ്യാപിച്ച് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു. അതിനു ശേഷം സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കാനുള്ള അന്വേഷണം നടത്തി. വിഹിതം നിർണ്ണയിക്കുന്നതിന് അടിസ്ഥാനമാക്കുന്ന രേഖകളുടെ പകർപ്പ് മേനേജ്മെന്റ് ആവശ്യപ്പെട്ടെങ്കിലും കമ്മീഷണർ അത് നല്കിയില്ല. എൻഫോഴ്സ്മെന്റ് ഓഫീസറുടെ റിപ്പോർട്ടിന്റെയും മറ്റു ചില രേഖകളുടെയും ബലത്തിൽ ഇ.പി.എഫ്. കമ്മീഷണർ യാന്ത്രികമായി സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിച്ച് ഉത്തരവിട്ടു. 1997 മുതൽ 2009 വരെയുള്ള കാലയളവിലെ വിഹിതമാണ് ഇ.പി.എഫ്. കമ്മീഷണർ നിർണ്ണയിച്ചത്. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിച്ചു. മേനേജ്മെന്റിന്റെ വാദങ്ങൾ ട്രൈബ്യൂണൽ അംഗീകരിച്ചെങ്കിലും 1999 മുതലുള്ള വിഹിതമടച്ചാൽ മതിയെന്ന് ട്രൈബ്യൂണൽ വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിക്കാതെയാണ് കമ്മീഷണർ അന്വേഷണം നടത്തിയതെന്ന് മേനേജ്മെന്റ് ആരോപിച്ചു. എൻഫോഴ്സ്മെന്റ് ഓഫീസറുടെ റിപ്പോർട്ടിന്റെയും മറ്റു പ്രസക്ത രേഖകളുടെയും പകർപ്പ് ആവശ്യപ്പെട്ടിട്ടും ഇ.പി.എഫ്. അധികൃതർ നല്കിയില്ലെന്നും അത് കടുത്ത നീതിനിഷേധവും നിയമവിരുദ്ധമായ നടപടിയുമാണെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. രേഖകളുടെ പകർപ്പ് നിഷേധിച്ചത് അക്ഷന്തവ്യമായ തെറ്റാണെന്നും ഇ.പി.എഫ്. കമ്മീഷണറുടെ തെറ്റായ നടപടിക്രമം തങ്ങളെ ദോഷകരമായി ബാധിച്ചുവെന്നും മേനേജ്മെന്റ് ഹൈക്കോടതിയിൽ ബോധിപ്പിച്ചു. എൻഫോഴ്സ്മെന്റ് ഓഫീസറുടെ റിപ്പോർട്ട് ഉൾപ്പെടെയുള്ള പ്രസക്ത രേഖകളുടെ പകർപ്പ് മേനേജ്മെന്റിന് വിതരണം ചെയ്യാതെ ആ രേഖകളുടെ അടിസ്ഥാനത്തിൽ വിഹിതം നിർണ്ണയിച്ച നടപടി നിയമപ്രകാരം നിലനില്ക്കാത്തതാണെന്ന് ഹൈക്കോടതി വിലയിരുത്തി. രേഖകളുടെ പകർപ്പ് നല്കിയില്ലെന്ന ഒറ്റ കാരണത്താൽ തന്നെ വിഹിത നിർണ്ണയ നടപടി അസാധുവാണെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധിയും ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവും റദ്ദാക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.